# പ്രസിദ്ധീകരണത്തിന്

## സെനറ്റ് തെരഞ്ഞെടുപ്പ് - ഒഴിവുകൾ വിജ്ഞാപനം ചെയ്തു.

കണ്ണൂർ സർവ്വകലാശാല സെനറ്റിലെ ഒഴിവുകൾ നികത്തുന്നതിനുള്ള തിരഞ്ഞെടുപ്പിനായി നിയമസഭാ സാമാജികർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ (കോർപറേഷൻ, നഗരസഭ, ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്) മേയർ/ ചെയർമാൻ/ പ്രസിഡന്റുമാർ എന്നിവരുടെ മണ്ഡലങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിജ്ഞാപനവും തിരഞ്ഞെടുപ്പ് സമയക്രമവും സർവ്വകലാശാല വെബ്സൈറ്റിൽ (www.kannuruniversity.ac.in) ലഭ്യമാണ്.

## എം.എസ്.സി. ഫിസിക്സ് - സീറ്റ് ഒഴിവ്

കണ്ണൂർ സർവ്വകലാശാല പയ്യന്നൂർ ക്യാമ്പസിൽ ഭൗതിക ശാസ്ത്ര പഠനവകുപ്പിൽ എം എസ് സി ഫിസിക്സ് (അഡ്വാൻസ്ഡ് മെറ്റീരിയൽസ്) 2021-23 പ്രോഗ്രാമിലേക്ക് എസ്‌സി (2) എസ് ടി(1) വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി സംവരണം. ചെയ്ത സീറ്റുകൾ ഒഴിവുണ്ട്. യോഗ്യരായ വിദ്യാർഥികൾ അസ്സൽ രേഖകൾ ആവശ്യത്തിനുള്ള കോപ്പികൾ സഹിതം 27/10/2021ബുധനാഴ്ച രാവിലെ 10-30 നു പഠനവകുപ്പിൽ നേരിട്ട് ഹാജരാകണം. Phone :0497 2806401, 9447458499.

## പി.ജി. SC/ST സ്പെഷ്യൽ അലോട്ട്മെന്റ് നിർദ്ദേശങ്ങൾ

അഫിലിയേറ്റഡ് കോളേജുകളിലേക്കുള്ള 2021-22 അധ്യയനവർഷത്തെ ബിരുദാനന്തരബിരുദപ്രവേശനത്തിൻറെ SC/ST സ്പെഷ്യൽ അലോട്ട്മെന്റ് www.admission.kannuruniversity.ac.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അപേക്ഷകർ ആപ്ലിക്കേഷൻ നമ്പറും പാസ് വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കേണ്ടതാണ്. ആദ്യമായി ( First time ) അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അഡ്മിഷൻ ഫീസ് 26.10.2021 ന് അടച്ച് (SBI epay വഴി)അതെ ദിവസം തന്നെ അലോട്ട്മെന്റ് ലഭിച്ചിരിക്കുന്ന കോളേജിൽ പ്രവേശനം നേടേണ്ടതാണ്. ഫീസ് അടയ്ക്കാത്തവർക്ക് ലഭിച്ച അലോട്ട്മെന്റ് നഷ്ടമാകുന്നതാണ് .
അഡ്മിഷൻ ഫീസ് 550/- രൂപയുമാണ്.

- മുൻ അല്ലോട്മെന്റുകളിൽ, അലോട്ട്മെന്റ് ലഭിച്ച്, പ്രവേശനം നേടിയവർ വീണ്ടും ഹയർ ഓപ്ഷൻ ലഭിച്ചാൽ ഫീസ് അടക്കേണ്ടതില്ല.ലഭിച്ചിരിക്കുന്ന കോളേജിൽ നിർബന്ധമായും സ്ഥിര പ്രവേശനം നേടേണ്ടതാണ്.
- കണ്ണൂർ സർവ്വകലാശാലയിൽ നിന്നല്ലാതെ യോഗ്യതാ കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾ റെക്കഗ്നിഷൻ ഫീ ആയ 165/- രൂപയും മെട്രിക്കുലേഷൻ ഫീ ആയ 165/- രൂപയും ഉൾപ്പെടെ 330/- രൂപ

കോളേജിൽ പ്രവേശനം നേടിയതിനു ശേഷം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാകുന്ന ലിങ്ക് വഴി അടയ്ക്കേണ്ടതാണ്

<u>കോളേജ് പ്രവേശനം</u>

SC/ ST സ്പെഷ്യൽ അല്ലോട്മെന്റിൽ അലോട്ട്മെന്റ് ലഭിച്ചിരിക്കുന്ന വിദ്യാർത്ഥികൾ അതാത് കോളേജുകളിൽ അഡ്മിഷനു വേണ്ടി 26.10.2021. തീയ്യതിയിൽ ഹാജരാകേണ്ടതാണ്.അലോട്ട്മെന്റ് ലഭിച്ചിരിക്കുന്ന കോളേജിൽ സ്ഥിരപ്രവേശനം ആണ് നേടേണ്ടത്. അഡ്മിഷൻ ലഭിക്കുന്നതിനായി ഹാജരാക്കുന്നതിനുള്ള അലോട്ട്മെന്റ് മെമ്മോ വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്. അലോട്ട്മെന്റ് മെമ്മോയോടൊപ്പം താഴെക്കൊടുത്തിരിക്കുന്ന രേഖകളും പ്രവേശനസമയത്ത് അതാത് കോളജുകളിൽ ഹാജരാക്കേണ്ടതാണ്.

1. ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട്
2. രജിസ്ട്രേഷൻ ഫീസ്, സർവ്വകലാശാല ഫീസ്, എന്നിവ ഓൺലൈനായി അടച്ച രസീതിന്റെ പ്രിന്റ് ഔട്ട്
3. യോഗ്യതാ പരീക്ഷയുടെ അസ്സൽ മാർക്ക് ലിസ്റ്റ് & പ്രൊവിഷണൽ /ഡിഗ്രീ സർട്ടിഫിക്കറ്റ്
4. ജനനതീയ്യതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
5. വിടുതൽ സർട്ടിഫിക്കറ്റ് (TC)
6. കോഴ്സ്/ കോണ്ടക്ട് സർട്ടിഫിക്കറ്റ്
7. അസ്സൽ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്
8. ഗ്രേസ് മാർക്ക് ലഭിക്കുന്നതിനാവശ്യമായ അസ്സൽ സർട്ടിഫിക്കറ്റ്
9. കേരളത്തിന് പുറത്തുള്ള സർവകലാശാലകളിൽ നിന്നും വിദൂര വിദ്യാഭ്യാസം വഴി യോഗ്യതാ കോഴ്സ് പൂർത്തിയാക്കിയവരും വ്യത്യസ്ത നാമകരണത്തിൽ ബിരുദം പൂർത്തിയായവരും കണ്ണൂർ സർവ്വകലാശാലയുടെ Equivalence Certificate ഹാജരാക്കേണ്ടതാണ്. ഏതെങ്കിലും ബിരുദമാണ് യോഗ്യത എങ്കിൽ കണ്ണൂർ സർവ്വകലാശാലയുടെ Recognition Certificate മതിയാകും.
10. അപേക്ഷയിൽ കൊടുത്തിരിക്കുന്ന മറ്റ് ആനുകൂല്യങ്ങൾ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്

<u>ഫീസടച്ച വിവരങ്ങൾ അടങ്ങിയ പ്രിന്റ് ഔട്ട്</u>

ഓൺലൈൻ രജിസ്റ്റർ ചെയ്ത എല്ലാ വിദ്യാർത്ഥികളും ഫീസടച്ചതിന്റെ വിവരങ്ങൾ അടങ്ങിയ പ്രിന്റ് ഔട്ട് കൈവശം സൂക്ഷിക്കേണ്ടതാണ്. അഡ്മിഷൻ സമയത്തു നിർബന്ധമായും കോളേജിൽ ഹാജരാക്കേണ്ടതാണ്.

*കൂടുതൽ വിവരങ്ങൾക്ക് www.admission.kannuruniversity.ac.in എന്ന വെബ് സൈറ്റിൽ ലഭിക്കുന്നതാണ്. ഹെൽപ്പ് ലൈൻ നമ്പർ :0497-2715261, 7356948230 ഇ മെയിൽ ഐഡി pgsws@kannuruniv.ac.in.*

## **ഇന്റേണൽ മാർക്ക് സമർപ്പണം**

**രണ്ടാം സെമസ്റ്റർ ബി.എഡ്** ഡിഗ്രി ഏപ്രിൽ 2021 സെഷൻ പരീക്ഷകളുടെ ഇന്റേണൽ മാർക്കുകൾ **28.10.2021 മുതൽ 02.11.2021** വരെ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

**പുതുക്കിയ പരീക്ഷാ തീയതി**

**18.10.2021** ന് നടത്തേണ്ടിയിരുന്ന **ഐ ടി പഠന വകുപ്പിലെ ഒന്നാം സെമസ്റ്റർ എം .എസ്.സി കമ്പ്യൂട്ടർ സയൻസ് (റെഗുലർ -2020 അഡ്മിഷൻ ) നവംബർ 2020** സെഷൻ പരീക്ഷ **28.10.2021ന്** നടത്തുന്നതാണ്